ഐസി1-10221/2023

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി- 05.04.2024

നോട്ടീസ്

വിഷയം:- ജലസേചനം-ജീവനക്കാര്യം- ശ്രീ.പ്രജിത്ത്.എ, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാന്റെ സ്ഥാനം 31.12.2022 പ്രകാരമുള്ള ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ ക്രമീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:- 1.ഈ കാര്യാലയത്തിൽ നിന്നുള്ള 19.01.2024 ലെ ഐസി1-10221/2023 നമ്പർ ഉത്തരവ്
2.ശ്രീ.പ്രജിത്ത്.എ, ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ സമർപ്പിച്ച അപ്പീൽ ഫോം ഉടങ്ങിയവ
3.ഈ കാര്യാലയത്തിലെ 05.11.2021-ലെ എ4-4700/2018 (വാല്യം II) നമ്പർ ഉത്തരവ്

കണ്ണൂർ പഴശ്ശി ഇറിഗേഷൻ ഡിവിഷൻ നം. 2 കാര്യാലയത്തിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായ ശ്രീ.പ്രജിത്ത്.എ സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാ പട്ടികയിൽ Annexure A Diploma Holder വിഭാഗത്തിൽ ക്രമ നമ്പർ 337- മതായി ഉൾപ്പെട്ടിട്ടുണ്ട്. തന്റെ സ്ഥാനം പുന:ക്രമീകരിക്കുന്നതിനായി ടിയാൻ അപേക്ഷയും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുണ്ട്. ആയവയും സൂചന (3) പ്രകാരമുള്ള ഉത്തരവും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പ്രജിത്ത്.എ- യുടെ സ്ഥാനം സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ 31.12.2022 പ്രകാരമുള്ള അന്തിമ മുൻഗണനാ പട്ടികയിൽ Annexure A Diploma Holder- വിഭാഗത്തിൽ ക്രമ നമ്പർ 223 ആയ ശ്രീജിത്ത്.കെ.എസ്-നും ക്രമ നമ്പർ 324 ആയ ദീപ്തി.കെ.എം.-നും മദ്ധ്യേ ക്രമ നമ്പർ 323 A പുന:ക്രമീകരിക്കാവുന്നതാണെന്ന് കാണുന്നു. നിലവിലെ സ്ഥാനത്തു നിന്നും ടിയാൻ നീക്കം ചെയ്യപ്പെടുന്നതാണ്.

ഇതിന്മേൽ ഏതെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീ.പ്രജിത്ത്.എ യുടെ സ്ഥാനം മേൽപ്പറഞ്ഞ അന്തിമ മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 323 A ആയി പുന:ക്രമീകരിച്ച് ഉത്തരവാകുന്നതാണ്.

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പ്രജിത്ത്.എ
Ist Gr.D'man(ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഐ.ടി സെൽ, ഇറിഗേഷൻ (നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)